**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** | **18.7.2011 -ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 2556**

**കാർഷിക മേഖലയിൽ തെങ്ങ് ക്ലസ്റ്ററുകൾ**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി . രവീന്ദ്രനാഥ്. | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണയും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പുതുക്കാട് നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയിൽ കഴിഞ്ഞ 4 വർഷമായി തെങ്ങ് ക്ലസ്റ്ററുകൾ വിജയകരമായി നടപ്പിലാക്കിവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ തെങ്ങ് കൃഷിയിലും സംഘം സമീപനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) കൃഷി വകുപ്പിന്റെ നാളികേര വികസന പദ്ധതികൾ എല്ലാം തന്നെ ക്ലസ്റ്റർ അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കി വരുന്നത്.<br>1) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'തെങ്ങുകൃഷിയിടങ്ങളിൽ സംയോജിത കൃഷി രീതികൾ' എന്ന പദ്ധതി പ്രകാരം പ്രദർശനത്തോട്ടങ്ങൾ ക്ലസ്റ്റർ അടിസ്ഥാനമാക്കിയാണ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് പദ്ധതികളിലെ പ്രദർശനത്തോട്ടങ്ങളും ക്ലസ്റ്റർ പ്രകാരമാണ് നടപ്പിലാക്കിയിട്ടുള്ളത്.<br>2)കൃഷി വകുപ്പും നാളികേര വികസന ബോർഡും സംയുക്തമായി 'തെങ്ങു കൃഷി പുനരുദ്ധാരണം' എന്ന പദ്ധതിയും വാർഡുതല ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രാവർത്തികമാക്കിയിട്ടുണ്ട്.<br>3) സംസ്ഥാന നാളികേര വികസന പദ്ധതി പ്രകാരം ഒന്നാം വർഷം തിരഞ്ഞെടുത്തതും രണ്ടാം വർഷം |

തുടരുന്നതുമായ കേരശ്രീ ക്ളസ്റ്ററുകൾ രൂപീകരിച്ച് വിവിധ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| സി) കിൻഫ്രയുടെ ഒരു കേര പാർക്ക് ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി)എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | ഡി) തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര പഞ്ചായത്തിൽ ഒരു കേര പാർക്ക് സ്ഥാപിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. കിൻഫ്രയും കോക്കനട്ട് ഡവലപ്പ്മെൻറ് കോർപ്പറേഷനും സംയുക്തമായാണ് കേര പാർക്ക് ആരംഭിക്കുന്നത്. ഈ പദ്ധതിക്ക് 20 കോടി രൂപ ചിലവ് വരുമെന്ന് കണക്കാക്കുന്നു. |
| ഇ) തെങ്ങ് ക്ളസ്റ്ററിലും കർഷകർക്ക് ഉല്പാദന ബോണസ് നൽകുന്ന കാര്യം സജീവമായി പരിഗണിക്കുമോ? | ഇ)ഇപ്പോൾ പരിഗണനയിൽ ഇല്ല. |

Sherly. P

സെക്ഷൻ ആഫീസർ